# STD - XII

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്  പരിശുദ്ധാത്മാവും ക്രൈസ്തവസാക്ഷ്യവും  ഭാഗം – ഒന്ന്

### ലക്ഷ്യം

പരിശുദ്ധത്രിത്വത്തെ സംബന്ധിക്കുന്ന രഹസ്യം ക്രൈസ്തവവിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രരഹസ്യമാണ്. എല്ലാ സൃഷ്ടികളെയും ഭരിക്കുന്നതും വിശുദ്ധീകരിക്കുന്നതും സജീവമാക്കുന്നതും പരിശുദ്ധാത്മാവായ ദൈവമാണ്. ത്രിയേക ദൈവം മൂന്നാളുകളാണെങ്കിലും ഒരേയൊരു സത്തയും സാരാംശവുമാണ്.

ഏകസത്യമായ പിതാവായ ദൈവത്തിലും, രക്ഷകനും പുത്രനുമായ യേശുക്രിസ്തുവിലും നിത്യജീവൻ സാധ്യമാക്കുന്ന പരിശുദ്ധാത്മാവിലും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം – നിയമാ. 6:4–5, മർക്കോ. 12:29–30, മത്തായി. 28:19–20, ഗലാ. 4:6
* വചനം – യോഹ. 19:25–27, ലൂക്കാ. 1:38–39, ലൂക്കാ. 1:15,41, യോഹ. 20:22, അപ്പ. 2:1–13
* ചിത്രം – പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ
* അപ്പ. 1:8; അപ്പ 2:1–4 കുട്ടികൾ വായിക്കുന്നു.
* CCC - 691 (Page 183) - പരിശുദ്ധാത്മാവിന്റെ യഥാർത്ഥ നാമം
* CCC 692, 693 (Page 183-184) - പരിശുദ്ധാത്മാവിന്റെ സംജ്ഞകൾ
* CCC-694-701 (Page 184-186) - പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ
* വീഡിയോ – പന്തക്കുസ്താദിനം – യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം

* പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആള് പരിശുദ്ധാത്മാവ്
* പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ പഴയനിയമത്തിൽ
* മിശിഹായുടെ സവിശേഷതകൾ
* പരിശുദ്ധാത്മാവും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും
* പരിശുദ്ധമറിയത്തിന്റെ സാക്ഷ്യം, സ്നാപകന്റെ സാക്ഷ്യം
* അപ്പസ്തോലന്മാരുടെ സാക്ഷ്യം, ആദിമസഭയുടെ സാക്ഷ്യം
* പരിശുദ്ധാത്മാവിന്റെ സംജ്ഞകൾ
* പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ

## പ്രാർത്ഥന

പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളെ വിശുദ്ധീകരിക്കുകയും ഞങ്ങളുടെ വിശ്വാസത്തെ ദൃഢമാക്കുകയും ചെയ്യണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. റൂവാ, പാറക്ലേത്ത എന്ന വാക്കുകളുടെ അർത്ഥമെന്ത്?
2. പരിശുദ്ധാത്മാവിന്റെ സംജ്ഞകൾ ഏതെല്ലാം?
3. പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ ഏതെല്ലാം?
4. പഴയനിമയത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.
5. വിശുദ്ധകുർബാനയിലും, മറ്റു കൂദാശകളിലും ത്രിത്വൈക ദൈവത്തിന്റെ നാമം ഉരുവിടുന്ന സന്ദർഭങ്ങൾ കണ്ടുപിടിച്ചെഴുതുക.

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.

# STD - XII

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്  പരിശുദ്ധാത്മാവും ക്രസ്തീയസാക്ഷ്യവും  ഭാഗം – രണ്ട്

### ലക്ഷ്യം

തിരുസഭ പരിശുദ്ധാത്മാവിലുള്ള സാക്ഷ്യകൂടാരമാണ്. വിശ്വാസികളുടെ സാർവത്രിക സമൂഹമാണ് സഭ. സഭ എന്ന വാക്കിന് വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നാണർത്ഥം. ആദിമസഭയുടെ പിന്തുടർച്ചാവകാശികളാണ് ഇന്ന് ക്രിസ്തുവിന്റെ സഭ എന്നറിയപ്പെടുന്നത്. പരിശുദ്ധാത്മാവാണ് സഭയുടെ ചാലകശക്തി. ക്രിസ്തുവിന്റെ സഭ, അതിന്റെ പ്രകൃതിയാൽതന്നെ പ്രേഷിതയാകുന്നു.

സഭാ മക്കളായ ഞങ്ങൾ വിശ്വാസത്തിൽ അധിഷ്ഠിതമായി ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും, തീക്ഷ്ണതയോടെ ആയിരിക്കുന്നവസ്ഥയിൽ സുവിശേഷം പ്രസംഗിക്കുകയും, സുവിശേഷ പ്രഘോഷണം ഞങ്ങളുടെ കടമയാണെന്ന ഉത്തമബോധ്യത്തിൽ ജീവിക്കുകയും ചെയ്യും.

### പഠനസഹായികൾ

* CCC - 751,752 (Page 197, 198) - സഭ
* CCC 753 - 757 (Page 198, 199) - സഭയുടെ പ്രതീകങ്ങൾ
* സഭയുടെ വിവിധ നാമങ്ങളും പ്രതീകങ്ങളും എഴുതിയ WORD CARD
* സഭയുടെ സവിശേഷതകൾ എഴുതിയ ചാർട്ട്
* CCC-811 (Page 213) - സഭ ഏകവും, വിശുദ്ധവും, കാതോലിക്കവും, അപ്പസ്തോലികവും
* CCC- 8113 (Page 214) - സഭ ഏകം; CCC-823 (Page-217) - സഭ വിശുദ്ധം; CCC-830- (Page - 219) - സഭ കാതോലികം; CCC-857 (Page-226) - സഭ അപ്പസ്തോലികം
* CCC-849, 852, 855, 856 - പ്രേഷിതദൗത്യം
* സഭാ കൂട്ടായ്മയെ കാണിക്കുന്ന വിവിധ ചിത്രങ്ങൾ
* CCC-737 (Page-195) - പരിശുദ്ധാത്മാവും സഭയും
* വചനം – മത്തായി. 16:18, മത്താ. 28:19–20, ലൂക്കാ. 4:18–19, ഏശ. 61:1–2, 1 കോറി. 15:19, ഗലാ. 1:13, ഫിലി. 3:6, 1 കോറി. 9:16, 1 കോറി. 15:28, വെളി. 21:1, വെളി. 21:4

**പാഠത്തിന്റെ ഉള്ളടക്കം**

* സഭ - വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം
* സഭയുടെ നാമങ്ങൾ, പ്രതീകങ്ങൾ
* ആത്മാവിന്റെ നിറവിൽ സഭയ്ക്കുള്ള സവിശേഷതകൾ
* പ്രേഷിതയായ സഭയുടെ പ്രേഷിത ചൈതന്യം
* സുവിശേഷവൽക്കരണവും നവസുവിശേഷവത്കരണവും
* നവസുവിശേഷവത്ക്കരണത്തിലുള്ള നമ്മുടെ പങ്ക്
* ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം
* പുതിയ ആകാശവും പുതിയ ഭൂമിയും

**പ്രാർത്ഥന**

സ്നേഹപിതാവായ ദൈവമേ, തിരുസഭാ മക്കളായ ഞങ്ങളെ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിച്ച് വിശ്വാസത്തോടെ സ്നേഹത്തിലും ഐക്യത്തിലും ജീവിച്ചുകൊണ്ട് ഒരു പുതിയ ആകാശവും ഭൂമിയും കെട്ടിപ്പെടുക്കാൻ ഞങ്ങളെ സഹായിക്കണമേ.

**ചോദ്യങ്ങൾ**

1. സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്രം എന്ത്?
2. ക്രൈസ്തവനായിരിക്കുക എന്നതിന്റെ അർത്ഥമെന്ത്?
3. സഭയുടെ സവിശേഷതകൾ എന്തെല്ലാം? സഭ കാതോലികമാകുന്നു എന്നതിന്റെ അർത്ഥമെന്ത്?
4. സഭയുടെ വിവിധ നാമങ്ങളും പ്രതീകങ്ങളും വിശദീകരിക്കുക.
5. നവ സുവിശേഷവത്കരണത്തിൽ എനിക്ക്/ ഞങ്ങൾക്ക് എന്തു ചെയ്യുവാൻ സാധിക്കും എന്ന് കുട്ടികൾ മൂന്നു ഗ്രൂപ്പായി തിരിഞ്ഞ് ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.